Lalith Babu

# ഇ-ട്രഷറി മുഖേനെ വിവരാവകാശ നിയമപ്രകാരമുള്ള ഫീ അടയ്ക്കുന്നതുമായി ബന്ധപ്പെട്ട നിർദേശം

**കേരള സർക്കാർ**

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

നം. 73/2017/ധന

തിരുവനന്തപുരം, തീയതി 27.09.2017

**<u>സർക്കുലർ</u>**

വിഷയം - വിവരാവകാശ നിയമപ്രകാരമുള്ള പണമൊടുക്കുന്നതിനാവശ്യമായ സൗകര്യം ഇ - ട്രഷറി സംവിധാനത്തിൽ ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന - ട്രഷറി ഡയറക്ടറുടെ 19.08.2017 ലെ ഇ-ട്രഷറി/12478/2017 നമ്പർ കത്ത്

ഇ-ട്രഷറി സംവിധാനം മുഖേന വിവരാവകാശ നിയമപ്രകാരമുള്ള ഫീസടയ്ക്കാൻ പറ്റുന്നില്ല എന്ന പരാതിയിന്മേൽ ഇ-ട്രഷറി വഴി ഇടപാടുകൾ നടത്തുന്ന എല്ലാ വകുപ്പുകൾക്കും, വിവരാവകാശ നിയമപ്രകാരമുള്ള ഫീസടയ്ക്കുന്നതിനുള്ള ശീർഷകം ഉൾപ്പെടുത്തുന്നതിന് സാങ്കേതിക തടസ്സങ്ങളൊന്നും നിലവില്ലായെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചിരിക്കുന്നു. കൂടാതെ എല്ലാ വകുപ്പുകൾക്കും ഇ-ട്രഷറി വഴി വിവരാവകാശ നിയമപ്രകാരമുള്ള പണമൊടുക്കുന്നതിനാവശ്യമായ സൗകര്യം ഒരുക്കുന്നതിന് ഓഫീസ് സംബന്ധമായ പ്രാഥമിക വിവരങ്ങൾ അതാത് വകുപ്പുകൾ ട്രഷറി വകുപ്പിന് ലഭ്യമാക്കുന്നതിന് ആവശ്യമായ നിർദ്ദേശം സർക്കാർ തലത്തിൽ നൽകണമെന്നും സൂചന 2 പ്രകാരം ട്രഷറി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, <u>ഇ-ട്രഷറി വഴി വിവരാവകാശ നിയമപ്രകാരമുള്ള പണമൊടുക്കുന്നതിനാവശ്യമായ സൗകര്യം ഏർപ്പെടുത്തുന്നതിന് ഓഫീസ് സംബന്ധമായ പ്രാഥമിക വിവരങ്ങൾ അതാത് വകുപ്പുകൾ, ട്രഷറി വകുപ്പിന് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്ന് എല്ലാ വകുപ്പ് മേധാവികളേയും ഇതിനാൽ അറിയിക്കുന്നു.</u>

ഇത് സംബന്ധിച്ച് തുടർ കത്തിടപാടുകൾ വകുപ്പ് മേധാവികളുമായി നടത്തി, പുരോഗതി റിപ്പോർട്ട് രണ്ട് മാസത്തിനകം ട്രഷറി ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്.

**ടി. കാഞ്ചന**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വകുപ്പ് തലവൻമാർക്കും

നോഡൽ ഓഫീസർ, www.finance.kerala.gov.in.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ